**"ഭരണഭാഷ മാതൃഭാഷ"**

**പി.എൽ(1)/ 7458/16 /ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 17.01.17.

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**

സർ,

വിഷയം : പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം – 2017 ജനുവരി 27 ന് ഉദ്ഘാടനം– ബാനർ പ്രദർശിപ്പിക്കുന്നത് –സംബന്ധിച്ച്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം **2017 ജനുവരി 27** ന് തിരുവനന്തപുരം മലയൻകീഴ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കുകയാണ്, അന്നേ ദിവസം എല്ലാ പൊതു വിദ്യാലയങ്ങളിലും പൊതു വിദ്യാഭ്യാസ സംരക്ഷണ വലയവും പ്രതിജ്ഞയും നടത്തേണ്ടതാണ്. ഇതു സംബന്ധമായ വിശദമായ സർക്കുലറുകൾ നേരത്തേ നല്കിയിരുന്നു. (സർക്കുലർ നമ്പർ SS1/1/2017 തീയതി 07.01.2017, പി.എൽ(1)/77458/16 /ഡി പി.ഐ തീയതി 23.12.2016)

ഇതിനോടനുബന്ധിച്ച് സ്കൂളുകളിൽ പ്രദർശിപ്പിക്കേണ്ട ബാനറിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു. **തുണിയിൽ വേണം ബാനർ തയ്യാറാക്കൽ.** ഇതിന്നാവശ്യമായ ചെലവ് പി.റ്റി.എ. ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. **22.01.2017 ന് മുമ്പായി നിശ്ചിത മാതൃകയിലുള്ള ബാനർ തയ്യാറാക്കി എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കേണ്ടതാണ്.**

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.**

പകർപ്പ് : എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാവുന്നു



ശ്രീ. പിണറായി വിജയൻ
കേരള മുഖ്യമന്ത്രി

# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം



ശ്രീ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസവകുപ്പുമന്ത്രി

**ഉദ്ഘാടനം**

2017 ജനുവരി 27, വെള്ളിയാഴ്ച

______________________ സ്കൂൾ അങ്കണത്തിൽ

ജനപ്രതിനിധികളും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും സാമൂഹ്യ - സാംസ്കാരിക പ്രവർത്തകരും
പൊതുവിദ്യാലയ സംരക്ഷണ പ്രതിജ്ഞയെടുത്ത് കൈകോർക്കുന്നു.